# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1978 | 16-02-2016 ൽ മറുപടിക്ക്

## വിജിലൻസ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. പി.ടി.എ റഹീം<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. രാജു എബ്രഹാം | | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) | വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിനു വേണ്ടി ഹൈക്കോടതി നിയമിച്ച അമിക്കസ്ക്യൂറിമാരുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | എ) | ഇല്ല. ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, WPC No. 2530/14, 2272/15 കേസുകളിൽ വാദത്തിനിടയിൽ വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിന് 2 അമിക്കസ്ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരിക്കുന്നു. |
| ബി) | സംസ്ഥാനത്ത് നിലനിൽക്കുന്ന എന്ത് സാഹചര്യം കണക്കിലെടുത്തു കൊണ്ടായിരുന്നു ഹൈക്കോടതി ഇത്തരമൊരു നിലപാടിൽ എത്തിച്ചേർന്നിരുന്നത്; | ബി) | സിംഗിൾ ബഞ്ച് ഉത്തരവിൽ സാഹചര്യങ്ങൾ ഒന്നും പരാമർശിച്ചിട്ടില്ല. |
| സി) | വിജിലൻസിന്റെ നവീകരണത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ള ഹൈക്കോടതി നിർദ്ദേശത്തിന്റെ യടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | സി) | വിജിലൻസ് ഡയറക്ടർ റിപ്പോർട്ട സമർപ്പിച്ചിട്ടില്ല. നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സ്വതന്ത്രാധികാരവും പ്രവർത്തന സ്വാതന്ത്ര്യവും നിലനിൽക്കുന്നില്ലെന്ന സൂചന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവിൽ ഉണ്ടായിരുന്നതിനാലും ഇത് വസ്തുകൾക്ക് വിരുദ്ധമായതിനാലും, കൂടാതെ സിംഗിൾ ബഞ്ച് |

| | | | |
|---|---|---|---|
| | വിധിക്കെതിരെ സർക്കാർ സ്റ്റേ സമ്പാദിച്ചിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | | പരിഗണിക്കുന്ന ഹർജി ഒരു പൊതു താല്പര്യ ഹർജി അല്ലാത്തതിനാൽ പ്രസ്തുത ഹർജിയിൽ ഉന്നയിക്കപ്പെടാത്ത വിവിധ വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് ബഹു. സിംഗിൾ ബഞ്ച് ജഡ്ജിക്ക് അധികാരമില്ലാത്തതിനാലുമാണ് നിയമപരമല്ലാത്ത സിംഗിൾ ബഞ്ച് ഉത്തരവിനെ ചോദ്യം ചെയ്ത് സർക്കാർ സമർപ്പിച്ച റിട്ട് അപ്പീലിൽ സ്റ്റേ സമ്പാദിച്ചിട്ടുള്ളത്. |
| ഡി) | വിജിലൻസിന് സ്വതന്ത്രമായും നിയമാനുസൃതമായും പ്രവർത്തിക്കാൻ സാധിക്കാത്തതിന്റെ സാഹചര്യം വെളിപ്പെടുത്താമോ? | ഡി) | വിജിലൻസ് സ്വതന്ത്രമായും, നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**